# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1966/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1966/23 തീയ്യതി: 26/12/2023

## കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2022 മുതൽ 14-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2023 | 22-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2023 | 22-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിജില. ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. പി. രാജേഷ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാമചന്ദ്രൻ. വി. | സെക്രട്ടറി | 01-04-2022 | 02-10-2022 |
| ശ്രീ. സോമൻ. പി. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2022 | 20-10-2022 |
| ശ്രീമതി. രശ്മിമോൾ. പി. എസ്. | സെക്രട്ടറി | 21-10-2022 | 25-10-2022 |
| ശ്രീ. സുനിൽകുമാർ. ആർ. എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 11-12-2022 |
| ശ്രീമതി. രശ്മിമോൾ. പി. എസ്. | സെക്രട്ടറി | 12-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ്. കെ. ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 03-05-2022 |
| ശ്രീ. സോമൻ. പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 04-05-2022 | 19-10-2022 |
| ശ്രീ. സുനിൽകുമാർ. ആർ. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീ. ഇബ്ബ മഷൂദ്. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിംസ്മി മറിയ. ടി. | കൃഷി ഓഫീസർ | 01-04-2022 | 23-08-2022 |
| ശ്രീമതി. രേഖ. കെ. ജെ. | കൃഷി ഓഫീസർ | 24-08-2022 | 31-03-2023 |
| ശ്രീമതി. കവിത ജി നായർ | വി.ഇ.ഒ. എട്ടൂർ | 01-04-2022 | 28-05-2022 |
| ശ്രീ. ഷിന്റോ ജോസഫ്. | വി.ഇ.ഒ. എട്ടൂർ | 29-05-2022 | 23-06-2022 |
| ശ്രീ. സൂരജ്. കെ. വി. | വി.ഇ.ഒ. എട്ടൂർ | 24-06-2022 | 15-11-2022 |
| ശ്രീ. ഷിന്റോ ജോസഫ്. | വി.ഇ.ഒ. എട്ടൂർ | 16-11-2022 | 31-03-2023 |
| ശ്രീ. ഷിന്റോ ജോസഫ്. | വി.ഇ.ഒ. കീഴ്പ്പള്ളി | 01-04-2022 | 15-11-2022 |
| ശ്രീ. അനീഷ്. കെ. | വി.ഇ.ഒ. കീഴ്പ്പള്ളി | 16-11-2022 | 31-03-2023 |
| ഡോ. പ്രിയ. കെ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ.നവാസ് ഷെറീഫ്. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സി. എം. | | | |
| ഡോ. എബി അബ്രഹാം | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. കെ. രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിത. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ആഷിക്ക്. ബി. ടി. | ഹെഡ് മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ. അബ്ദുൽ ബഷീർ. എം. കെ. | ഹെഡ് മാസ്റ്റർ | 01-07-2022 | 31-03-2023 |
| ശ്രീമതി. അശ്വതി. കെ. ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2022 | 30-06-2022 |
| ശ്രീമതി. സരിത. കെ. വി. | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-07-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്. | 1-1-8 |
| 10 | കെട്ടിട വാടക -വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | ദുരിതാശ്വാസ നിധി ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | പുതുക്കിയ ബജറ്റ് | 1-2-1 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം. | 1-5 |
| 18 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഗ്രാമ സഭ | 1-10 |
| 23 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-11 |
| 24 | തറ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം | 1-12 |

| | | |
|---|---|---|
| | നടത്തിയതിലെ അപാകത | |
| 25 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-13 |
| 26 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-14 |
| 27 | തനത് വരുമാനം- പൊതു അവലോകനം | 1-15 |
| 28 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു | 1-16 |
| 29 | സ്ത്രീ പദവിപഠന സർവ്വേ - പ്രോജക്ടിന്റെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. | 1-17 |
| 30 | സ്ത്രീകൾക്കുള്ള ഫിറ്റ്നെസ്സ് സെന്റർ ഇതുവരെയും പ്രവർത്തനം തുടങ്ങിയില്ല ₹548175 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 31 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-രേഖകൾ ലഭ്യമാക്കിയില്ല ₹20484യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | സാന്ത്വന പരിചരണം - മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല ₹45667 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 33 | ബാലസഭ കുട്ടികൾക്ക് ഏകദിന പഠനക്യാമ്പും ഫുട്ബോൾ വോളിബോൾ പരിശീലനവും ₹20,280 യുടെ അധിക ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 35 | മഴക്കാല പൂർവ്വ ശുചീകരണം-തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല ₹170000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | കളരിക്കാട് ആയുർവേദ ആശുപത്രി ക്വാർട്ടേഴ്സിന് വൈദ്യുത കണക്ഷൻ തുടർവിവരങ്ങൾ ലഭ്യമാകാത്തതിനാൽ ₹56827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 37 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകം ₹2,98,680 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 38 | ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹1,66,319 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 39 | ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല - ₹570340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 40 | ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ₹8,95,000 തടസ്സപ്പെടുത്തുന്നു. | 1-28 |
| 41 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ-പൂർത്തീകരണ വിവരം ലഭ്യമാകാത്തതിനാൽ ₹594153 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 42 | വീർപ്പാട് ഗ്യാസ് ശ്മശാനത്തിന്റെ പ്രവർത്തനം അപാകങ്ങൾ ₹102203 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-30 |

| | | |
|---|---|---|
| 43 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ലഭ്യമാക്കിയില്ല ₹1911080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 44 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- രേഖകൾ ഹാജരാക്കിയില്ല - വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-32 |
| 45 | പാലയാട് ദേവസ്വം കുളം നവീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകം ₹4033044 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 46 | സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് -മുഴുവൻ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല | 1-34 |
| 47 | കശുമാവ്, കുരുമുളക് തൈ വിതരണം - കുരുമുളക് തൈകളുടെ വിതരണവിവരം ലഭ്യമാക്കിയില്ല. | 1-35 |
| 48 | ഇടവേലി സ്കൂളിന് മൈക്ക് സിസ്റ്റം വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകത | 1-36 |
| 49 | ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജായി അധികം നൽകിയ ₹2325 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-37 |
| 50 | കീഴ്പ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-38 |
| 51 | വാഹന പരിപാലനം - VEELS സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ് ലോഡ് ചെയ്യാതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-39 |
| 52 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. | 1-40 |
| 53 | ജലനിധി പദ്ധതി പൂർത്തീകരിച്ചിട്ടും അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-41 |
| 54 | പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-42 |
| 55 | സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് - നീക്കിയരിപ്പ് തുക സംബന്ധിച്ച വിശദാംശം ലഭ്യമല്ല. | 1-43 |
| 56 | ആസ്തി പരിപാലനം - അവലോകനം | 1-44 |
| 57 | മാലിന്യസംസ്കരണം | 1-45 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജായി അധികം നൽകിയ ₹2325 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| ഭാഗം **4** | | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ആറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.07.2023 തീയതിയിലെ 1/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 15.07.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ആറളം ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആറളം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
26.12.2023

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽപ്പറഞ്ഞ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-3 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹3,05,355 വരവുണ്ട്. Tender Form Sale രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-6 പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

Grant For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs - നായി ഇന്ത്യൻ ഓവർസീസ് ബാങ്കിലെ 344501000007565 നമ്പർ അക്കൗണ്ടിൽ B-17, RP-40(b) ഷെഡ്യൂളുകൾ പ്രകാരം നീക്കിയിരിപ്പായുള്ളത് ₹252477 ആണ്. ഈയിനത്തിൽ B-4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ളത് ₹430388 യാണ്.

## 1-1-8 അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്.

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ B-18 ഷെഡ്യൂളിൽ കാണിച്ച തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-9 കെട്ടിട വാടക -വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കെട്ടിട വാടക ഇനത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റും വരവും ₹1,71,252 യാണ്. ഈയിനത്തിനായി സൂക്ഷിച്ച രജിസ്റ്റർ പ്രകാരം ഡിമാന്റും വരവും ₹ 165352 ആണ്.

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-11 ദുരിതാശ്വാസ നിധി ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് ബി-2 ഷെഡ്യൂൾ പ്രകാരം ₹1,53,863 ആണ്. എന്നാൽ ബി-17, ആർ.പി.-40 (ബി), എന്നിവ പ്രകാരം ₹1,54,013 യാണ്.

## 1-2 ബജറ്റ്

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 30-3-2022 ലെ 1/2022 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 47431936 |
| വരവ് | 350659500 |
| ആകെ | 398091436 |
| ചെലവ് | 393343203 |
| നീക്കിയിരിപ്പ് | 4748233 |

## 1-2-1 പുതുക്കിയ ബജറ്റ്

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 27-3-2023 ലെ 1/2023 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 37985808 |
| വരവ് | 361732681 |
| ആകെ | 399718489 |
| ചെലവ് | 366150854 |
| നീക്കിയിരിപ്പ് | 33567635 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 33404048 |
| വരവ് | 76583320 |
| ആകെ | 109987368 |
| ചെലവ് | 66012134 |
| നീക്കിയിരിപ്പ് | 43975234 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 9609252 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 42017501 | 42017501 | 39374478 | 2643023 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 910541 | 910541 | 910541 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 19001188 | 19001188 | 15522380 | 3478808 |
| മെയിന്റനൻസ്, റോഡ് | 0 | 12649000 | 12649000 | 7996838 | 4652162 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9999000 | 9999000 | 5385588 | 4613412 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 6204544 | 9379000 | 15583544 | 11733605 | 3849939 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 2149663 + 658278(ട്രഷറി) | 6595011 | 9402952 | 5314425 + 658278(ട്രഷറി) | 3430249 |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് | 0 | 244237 | 244237 | 0 | 244237 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്ലോസ്റ്റിക്സ് | 0 | 430388 | 430388 | 0 | 430388 |
| സാക്ഷരത | 394239 | 33949 | 428188 | 10 | 428178 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 2014 | 92678511 | 92680525 | 92676340 | 4185 |
| എം.പി.എൽ.എ.ഡി | 53885 | 401300 | 455185 | 399817 | 55368 |
| ശുചിത്വ മിഷൻ | 1510547 | 0 | 1510547 | 0 | 1510547 |
| ജലനിധി | 1462990 | 42141 | 1505131 | 0 | 1505131 |
| ഐ.സി.ഡി.എസ് | 4405937 | 2099212 | 6505149 | 0 | 6505149 |
| ടോട്ടൽ സാനിറ്റേഷൻ | 165600 | - | 165600 | - | 165600 |
| പട്ടികജാതി വികസനം | 126729 | - | 126729 | 0 | 126729 |
| Grants, Funds And Contributions For Specific Purposes-other Purposes | 51334 | 0 | 51334 | 0 | 51334 |
| Grants,funds And Contributions For Specific Purposes-other Government Agencies | 2110584 | 7114310 | 9224894 | 1496950 | 7727944 |
| Grants,funds And Contributions For Specific Purposes-capital | 6831041 | 1000000 | 7831041 | 0 | 7831041 |
| നിർമ്മൽ പുരസ്കാർ | 2755 | 0 | 2755 | 0 | 2755 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 285 | 172558747 | 217 | 111624582 | 60 | 68 | 55.09 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | ആകെ | ചെലവ | ചെലവ് % |
|---|---|---|---|---|---|

| നമ്പർ | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | അടങ്കൽ | ഴിച്ച തുക | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 55 | 40 | 11944868 | 9766853 | 81.77 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 4645157 | 4251828 | 91.53 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 84 | 65742338 | 35057075 | 53.32 |
| 4 | കൃഷി ഓഫീസർ | 18 | 18 | 6387270 | 5675104 | 88.85 |
| 5 | വി.ഇ.ഒ. എട്ടൂർ | 13 | 9 | 7103700 | 4710182 | 66.31 |
| 6 | വി.ഇ.ഒ. കീഴ്പള്ളി | 10 | 9 | 41819661 | 20797059 | 49.73 |
| 7 | മെഡിക്കൽ ഓഫീസർ PHC | 10 | 9 | 3938019 | 3533117 | 89.72 |
| 8 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 1100000 | 1100000 | 100 |
| 9 | മെഡിക്കൽ ഓഫീസർ GHD | 4 | 4 | 1023950 | 924700 | 90.31 |
| 10 | വെറ്റിനറി സർജൻ | 8 | 7 | 5846400 | 5091126 | 87.08 |
| 11 | ICDS സൂപ്പർവൈസർ | 15 | 15 | 10563064 | 9021960 | 85.41 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1960000 | 1960000 | 100 |
| 13 | ഹെഡ് മാസ്റ്റർ | 15 | 13 | 10084320 | 9335578 | 92.58 |
| 14 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 400000 | 400000 | 100 |
| | ആകെ | 285 | 217 | 172558747 | 111624582 | 64.69 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2014 | 1204800 | 1206814 | 1202629 | 4185 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്-മെറ്റീരിയൽ ചെലവ് ഉൾപ്പെടെ | 0 | 91473711 | 91473711 | 91473711 | 0 |
| ആകെ | 2014 | 92678511 | 92680525 | 92676340 | 4185 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 277 | 4339400 |
| വിധവാ പെൻഷൻ | 1136 | 16673800 |
| വാർദ്ധക്യകാല പെൻഷൻ | 2695 | 38411600 |
| ഭിന്നശേഷി പെൻഷൻ | 394 | 5810200 |
| അവിവാഹിത പെൻഷൻ | 42 | 677400 |
| വിവാഹ ധനസഹായം | 5 | 150000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-12-2023 ന് 3.45 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹207 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവ സൂക്ഷിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം 7/2022, 8/2002, 9/2022 എന്നീ മാസങ്ങളിലൊഴികെ എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും ഓഫീസ് പ്രവത്തനത്തിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും 5/2022, 8/2022, 9/2022, 1/2023 എന്നീ മാസങ്ങളിലായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 വരെ ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം |
|---|---|---|
| ജെയിംസ് പി വി പട്ടമന, ജോഷി ജോർജ്ജ് കെ.റ്റി കരിന്തോലിൽ | 6/362 A, B, C, D, E, F, G, H, I, J, K, L, M, N, O, P, Q, R, S, T, U, V, W, X, Y, Z, AA, AB, AC, AD | 998.14 $M^2$ |
| നല്ലക്കണ്ടി അബ്ദുൾ ഹമീദ് | 13/320 A, B, C, D, E | 353.79 $M^2$ |

മേൽ അപാകത സംബന്ധിച്ച് 22/19.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിവരം ഐ.കെ.എം. നെ അറിയിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. കെട്ടിടത്തിന്റെ തറ നിർമ്മിതി സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സാങ്കേതിക പിഴവ് ഐ.കെ.എം. ന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതും തുടർനടപടിയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 തറ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 വരെ ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ജെയിംസ് പി വി പട്ടമന, ജോഷി ജോർജ്ജ് കെ. റ്റി കരിന്തോലിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 72.64 ച. മീ വിസ്തീർണ്ണമുള്ള 6/362 A നമ്പർ (പെർമിറ്റ് നമ്പർ A2-28963/2021 തീയതി 17/08/2021) വാണിജ്യാവശ്യത്തിനോടുള്ള കെട്ടിടത്തോട് ചേർന്ന് 6/362 B, C, D, E, F, G, H, I, J, K, L, M, N, O, P, Q, R, S, T, U, V, W, X, Y, Z, AA, AB, AC, AD എന്നീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടഭാഗങ്ങൾ (പെർമിറ്റ് നമ്പർ SC2-242338/2022 തീയതി 21.06.2022 ) കൂടി നിർമ്മിച്ചിട്ടുണ്ട്. നിലവിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 998.14 ച.മീ ആണ്. ആയതിനാൽ മുഴുവൻ കെട്ടിട ഭാഗങ്ങൾക്കും 200 ച. മീ ൽ മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 6/362 A നമ്പർ കെട്ടിടത്തിനെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടമായി പരിഗണിച്ചാണ് നിലവിലും നികുതി നിർണ്ണയിച്ചിരിക്കുന്നത്. 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിട ഭാഗങ്ങളുടെ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല.

2. 72.64 ച. മീ വിസ്തീർണ്ണമുള്ള 6/362 A നമ്പർ കെട്ടിടത്തിനെ 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടമായി പരിഗണിച്ച് ഇതുവരെ നികുതി ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല

മേൽ അപാകത സംബന്ധിച്ച് 43/23.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വസ്തുനികുതി പരിഷ്കരിച്ച് സഞ്ചയയിൽ മാറ്റം വരുത്തിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ 6/362 A നമ്പർ കെട്ടിടത്തിനെ 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി പരിഗണിച്ചാണ് നികുതി പുനർ നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം 998.14 ച. മീ ആയതിനാൽ മേൽ പറഞ്ഞ പ്രകാരം നികുതി പുനർ നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും, മേൽ പരാമർശിച്ച അപാകത (2) കൂടി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | കുടിശ്ശിക ₹ | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 5/396 | കൊട്ടിയൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 1191 | 2022-23 വർഷം |
| 6/373 A | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ | 353 | 2022-23 വർഷം |
| 6/727 | വൈൽഡ് ലൈഫ് വാർഡൻ | 296 | 2022-23 വർഷം |
| 6/728 | വൈൽഡ് ലൈഫ് വാർഡൻ | 296 | 2022-23 വർഷം |
| 6/729 | വൈൽഡ് ലൈഫ് വാർഡൻ | 454 | 2022-23 വർഷം |
| 6/730 | വൈൽഡ് ലൈഫ് വാർഡൻ | 5103 | 2022-23 വർഷം |
| 6/732 | വൈൽഡ് ലൈഫ് വാർഡൻ | 882 | 2022-23 വർഷം |

| | | | |
|---|---|---|---|
| 6/733 | വൈൽഡ് ലൈഫ് വാർഡൻ | 1395 | 2022-23 വർഷം |
| 6/733 A | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ | 345 | 2022-23 വർഷം |
| 6/734 | വൈൽഡ് ലൈഫ് വാർഡൻ | 2268 | 2022-23 വർഷം |
| 6/734 A | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ | 374 | 2022-23 വർഷം |
| 6/734 B | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ | 366 | 2022-23 വർഷം |
| 6/735 | വൈൽഡ് ലൈഫ് വാർഡൻ | 12428 | 2022-23 വർഷം |
| 6/736 | വൈൽഡ് ലൈഫ് വാർഡൻ | 160 | 2022-23 വർഷം |
| 6/736 A | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ | 299 | 2022-23 വർഷം |
| 6/771 A | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 156 | 2022-23 വർഷം |

മേൽ അപാകത സംബന്ധിച്ച് 36/20.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിടനികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക ഈടാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെടുകയോ, പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

1. 2022-23 വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ, ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ലൈസൻസ് അപേക്ഷകൾ എന്നിവ (1 മുതൽ 250 വരെയുള്ള ലൈസൻസുകൾ മാത്രം) പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷത്തിൽ FTE & OS ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്യാത്തതിനെ തുടർന്ന് ഓഡിറ്റ് എൻക്വയറി (23/19.12.2023 ) നൽകുകയുണ്ടായി.

| ക്രമ നമ്പർ | കെട്ടിട നമ്പർ / ലൈസൻസിയുടെ പേര് | സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 7/261,<br>ഷാജു ജോസ് | സൂപ്പർമാർക്കറ്റ് | 3 |
| 2 | 5/179 C<br>സിജി കുര്യൻ | തയ്യൽക്കട | 2 |
| 3 | 2/224<br>രതീഷ്. എം. ടി. | ബിൽഡിംഗ് കൺസ്ട്രക്ഷൻ ഓഫീസ് | 2 |
| 4 | 16/365 B<br>സവാദ്. യു. വി. | ഇന്റീരിയർ വർക് ഷോപ്പ് | 3 |
| 5 | 8/202<br>ബിജി സൈജു | ഹോട്ടൽ | 6 |
| 6 | 6/359<br>സാദിഖ്. കെ. പി. | ജ്വല്ലറി | 2 |
| 7 | 6/360<br>സാദിഖ്. കെ. പി. | ടെക്സ്റ്റൈൽസ് | 2 |
| 8 | 6/367<br>ഹാരിസ്. പി. എ. | പി.എ വെജിറ്റബിൾസ് | 4 |

| | | | |
|---|---|---|---|
| 9 | 6/315<br>ബൈജു മാത്യു | ഹോട്ടൽ | 7 |
| 10 | 11/75 A<br>നജിം മാതേൻ | അനാദി കട | 2 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ക്രമനം.1,2,6,7,8 ലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. ക്രമനം.3,4 ലെ സ്ഥാപനങ്ങളിൽ ഒരാൾ മാത്രമാണ് ജോലി ചെയ്യുന്നതെന്ന് ഫീൽഡ് പരിശോധനയിൽ ബോധ്യപ്പെട്ടതായും, ക്രമനം.5,9,10 ലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാനായി അറിയിപ്പ് നൽകിയതായും അറിയിച്ചിട്ടുണ്ട്. 1 മുതൽ 250 വരെയുള്ള ലൈസൻസുകൾ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ചും മേൽ പറഞ്ഞ നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് എഞ്ചിനീയർമാരിൽ നിന്നും സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽനികുതി ഇനത്തിൽ വരുമാനനഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആറളം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE & OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I. വസ്തുനികുതി

ആറളം ഗ്രാമപഞ്ചായത്തിലെ വിവിധ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. ഗ്രാമപഞ്ചായത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

II. തൊഴിൽ നികുതി.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിന്റെയും ഡാറ്റാ ബേസിന്റെയും അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളി കളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

III. ബിൽഡിംഗ് പെർമിറ്റ് /റെഗുലറൈസേഷൻ ഫീസ്

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർ നിർണ്ണയി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 610 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV. FTE&OS ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നതിനായി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. സംരംഭകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

V. സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയ്നേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി

പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ, പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4. 01-04-2023 മുതൽ പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.
5. FTE & OS ലൈസൻസ് ഫീസ് ചട്ട പ്രകാരമുള്ള പരമാവധി നിരക്കിൽ ഈടാക്കുന്നത് പരിഗണിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ത.സ്വ.ഭ.വ തീയതി 19-04-2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-16 സർക്കാർ നിർദ്ദേശം പാലിക്കാതെ ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു

സർക്കാർ വകുപ്പുതല ഡ്രൈവർമാർ ദൈനം ദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ല. എന്നാൽ സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ടിന് യാത്രാ ബത്ത (ഇൻസിഡന്റൽ എക്സ്പെൻസ്) ദിനബത്ത എന്നിവ കെ എസ് ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണ് (27.10.2022 ലെ 2204261/വ്യയം/C-1/102/2022/ധന. കത്ത് പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന് നല്കിയ സ്പഷ്ടീകരണം). എന്നാൽ ആറളം ഗ്രാമ പഞ്ചായത്തിലെ ഡ്രൈവർ ആയ ശ്രീ. അരുൺ. എൻ. വി ഏപ്രിൽ/22 മുതൽ ജൂലൈ/22 വരെയുള്ള മാസങ്ങളിൽ നടത്തിയ ഹാൾട്ട് ഇല്ലാത്ത യാത്രകൾക്ക് ഉൾപ്പെടെ യാത്രാബത്തയായി ആകെ ₹6045 വൗച്ചർ നമ്പർ 22200723/26.11.2022 പ്രകാരം അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചതിന്റെ ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. അനുവദനീയമല്ലാത്ത യാത്രാബത്താ ആനുകൂല്യം നൽകിയത് സംബന്ധിച്ച് 48/21-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സ്ത്രീ പദവിപഠന സർവ്വേ - പ്രോജക്ടിന്റെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 180/23, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹84650 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹9386 BRN നമ്പർ 22220652011900882058, 8-12-2022<br>₹35830 BRN നമ്പർ 22220652011901462391, 24-3-2023<br>₹34000 BRN നമ്പർ 22220652011901371822, 16-3-2023<br>ആകെ : ₹79216 |

ആറളം ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ നിലവിലെ അവസ്ഥ പഠിക്കാനായി സർവ്വേ നടത്തി വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ഉണ്ടാക്കി പ്രസിദ്ധീകരിക്കുക എന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. ജില്ലാകളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതിയുടെ 1-3-2023 ലെ 444/2022/ഡി പിസി /ഡി പി ഒ/കെ എൻ ആർ നമ്പർ കത്തിൽ സ്ത്രീ പദവിയുമായി ബന്ധപ്പെട്ട് 2022-23 വർഷം വകയിരുത്തേണ്ട ഭേദഗതി വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഡ് തല പരിശീലനത്തിന് പരമാവധി 84650രൂപ ചെലവഴിക്കാവുന്നതാണ്. ഒരു ബാച്ചിൽ പരമാവധി 60 പേരെ ഉൾപ്പെടുത്താം. 60 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പരിശീലന ചെലവ് 34650, വിവിധ കൂടിയിരിപ്പുകൾ, വർക്ക്ഷോപ്പുകൾ എന്നിവക്ക് 25000രൂപ, ലഘുലേഖ തയ്യാറാക്കൽ 25000രൂപ ഉൾപ്പെടെയാണ് 84650രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ടത്. ഫോറം പ്രിന്റിംഗ്, ശില്പശാല, ഭക്ഷണം, ബാനർ, യാത്രാബത്ത, റിസോഴ്സ് പേഴ്സൺ ഓണറേറിയം, പ്രാഥമിക സർവ്വേ എന്നീ പ്രവർത്തനങ്ങൾക്കായി ₹79216 ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് വിവിധ കൂടിയിരിപ്പുകൾ, ലഘുലേഖ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താത്തത് സംബന്ധിച്ചും വാർഡ് തല പരിശീലനത്തിന് ശേഷം നടന്ന തുടർ പ്രവർത്തനങ്ങൾ, സർവ്വേ, റിപ്പോർട്ട് ക്രോഡീകരണം എന്നിവ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് 24/19-12-2023 പ്രകാരം നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് സ്ത്രീപദവി പഠനവുമായി ബന്ധപ്പെട്ട വിവിധ കൂടിയിരിപ്പുകൾ, ലഘുലേഖ തയ്യാറാക്കൽ, വാർഡ്തല പരിശീലനം, തുടർപ്രവർത്തനങ്ങൾ, സർവ്വേ റിപ്പോർട്ട് ക്രോഡീകരണം എന്നീ പ്രവർത്തനങ്ങൾ 2023-24 വർഷത്തിൽ നടന്നുകൊണ്ടിരിക്കുകയാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മേല്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളും ക്രോഡീകരിച്ച സർവ്വേ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 സ്ത്രീകൾക്കുള്ള ഫിറ്റ്നെസ്സ് സെന്റർ ഇതുവരെയും പ്രവർത്തനം തുടങ്ങിയില്ല ₹548175 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ്ത്രീകൾക്ക് ഫിറ്റ്നെസ്സ് സെന്റർ തുടങ്ങുന്നതിനായി 2022-23 വർഷം ഐ സി ഡി എസ് സൂപ്പർവൈസർ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. സ്ത്രീകൾക്ക് ഫിറ്റ്നെസ്സ് സെന്റർ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 306/23, സ്ത്രീകൾക്ക് ഫിറ്റ്നെസ്സ് സെന്റർ |
| അടങ്കൽ | ₹448384 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹448266 ബിൽ നമ്പർ : 22220652011901133905/3-2-2023 |

2. എട്ടൂർ ഫിറ്റ്നെസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 319/23,<br>എട്ടൂർ ഫിറ്റ്നെസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹99909 ബിൽ നമ്പർ : 22220652011901336654/13-3-2023 |

മേൽപ്പറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നമ്പർ/ തീയതി/ തുക | വാങ്ങിയ ഉപകരണങ്ങൾ | എണ്ണം |
|---|---|---|---|---|---|
| 1 | 306/23 | ഹീറോ ഫിറ്റ്നസ്സ് എക്വിപ്പ്മെന്റ്സ്, താന, ഇരിങ്ങാലക്കട | 599/27-1-2023, ₹448266 | 1. Aerofit Motorised Treadmill<br>2. Aerofit Spin Bike<br>3. Aerofit Four Station Multi Gym<br>4. Aerofit Twister Standing & Sitting<br>5. Aerofit Elliptical Cross Trainer 243El<br>6. Aerofit Rubber Coated Hex Dumbbells | 2<br>2<br>1<br>2<br>2<br>65 Kg |

| | | | | | |
|---|---|---|---|---|---|
| 2 | 319/23 | ഹീറോ ഫിറ്റ്നസ്സ് എക്വിപ്പ്മെന്റ്സ്, താന, ഇരിങ്ങാലക്കട | 717/9-3-2023, ₹40570 | 1. Bathroom Weighting Scale<br>2. Aerofit Aerobic Step<br>3. Resistance Band 13 Mm<br>4. Resistance Band 19 Mm<br>5. Aerofit Pushup Bar<br>6. Colour Triangle Design Plate<br>7. PVC Jump Rope | 1<br>3<br>3<br>3<br>5<br>30 Kg<br>5 |
| | " | " | 718/9-3-2023, ₹24339 | 1. Aerofit Gym Ball 75 Cm<br>2. Aerofit Gym Ball 85 Cm<br>3. Aerofit Yoga Mat 4mm<br>4. Aerofit Yoga Mat 6mm<br>5. Aerofit Rubber Medicine Ball 1 Kg<br>6. Aerofit Rubber Medicine Ball 2 Kg<br>7. Aerofit Rubber Medicine Ball 3 Kg<br>8. Aerofit Rubber Medicine Ball 4 Kg | 3<br>3<br>5<br>5<br>2<br>2<br>2<br>2 |
| | " | " | 722/10-3-2023, ₹35000 | 1. 5 Mm Mirror Glass<br>2. Impex MM 5.1 Music System | 7.6 Sqm<br>1 |
| | | ആകെ | ₹548175 | | |

മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 306/23 പ്രകാരമുള്ള പ്രോജക്ടിൽ 5 സ്ഥാപനങ്ങളും 319/23 പ്രകാരമുള്ള പ്രോജക്ടിൽ 3 സ്ഥാപനങ്ങളും പങ്കെടുക്കുകയും രണ്ടിലും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹീറോ ഫിറ്റ്നെസ്സ് എക്വിപ്പ്മെന്റ്സ് താന, ഇരിങ്ങാലക്കട എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നമ്പർ 306/23ൽ ടെണ്ടറിൽ പങ്കെടുത്ത 5 സ്ഥാപനങ്ങളും പ്രാഥമിക ഉടമ്പടി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് നമ്പർ 319/23ൽ 3 സ്ഥാപനങ്ങളും ഇപ്രകാരം പ്രാഥമിക ഉടമ്പടി സമർപ്പിച്ചിട്ടില്ല.

2. ടെണ്ടർ ഉറപ്പിച്ച് ഹീറോ ഫിറ്റ്നെസ്സ് എക്വിപ്പ്മെന്റ്സ് താന, ഇരിങ്ങാലക്കട എന്ന സ്ഥാപനത്തിൽ നിന്നും മേല്പറഞ്ഞ ഉപകരണങ്ങൾ വാങ്ങിക്കുമ്പോൾ ഉപകരണങ്ങളുടെ ഗ്യാരന്റി/വാറന്റി, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. ഉപകരണങ്ങൾ വനിതാ ഫിറ്റ്നെസ്സ് സെന്ററിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തനം തുടങ്ങിയതിന്റെ രേഖകൾ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
ഗ്രാമ പഞ്ചായത്ത് ഓഫീസിന് തൊട്ടടുത്തു തന്നെ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുടുംബക്ഷേമ കേന്ദ്രം കെട്ടിടത്തിൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിൽ 18-12-2023 ന് പ്രാദേശിക പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ചുവടെ കൊടുക്കുന്നു.
മേല്പറഞ്ഞ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥ, കമ്മ്യൂണിറ്റി വിമെൻ ഫെസിലിറ്റേറ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എട്ടൂരിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപമുള്ളതും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ കുടുംബക്ഷേമ കേന്ദ്രം സന്ദർശിപ്പോൾ കെട്ടിടത്തിന്റെ റോഡ് നിരപ്പിന് താഴെയുള്ള നിലയിലെ കുടുംബക്ഷേമ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന മുറിയിൽ 306/23, 319/23 എന്നീ പ്രോജക്ടുകളുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാത്ത നിലയിൽ സൂക്ഷിച്ചിരിക്കുന്നതും ചെറിയ ഉപകരണങ്ങളെല്ലാം കവർ പൊട്ടിക്കാതെ പൊടിപിടിച്ച നിലയിൽ നിലത്ത് കൂട്ടിയിട്ട നിലയിൽ ഉള്ളതും വ്യക്തമായി. ഇതിൽ യോഗ മാറ്റ് (6 Mm) 5 എണ്ണം വാങ്ങിയത് 4 എണ്ണം മാത്രമേ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചുള്ളൂ. Aerofit Aerobic Step 3 എണ്ണം വാങ്ങിയത് ഏതാണെന്ന് വ്യക്തമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥക്ക് സാധിച്ചില്ല.

മുറി വൈദ്യുതീകരണം നടത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നില്ല. തറനിരപ്പിലും താഴെയുള്ള കെട്ടിടമായതിനാലും വൈദ്യുതി ഇല്ലാത്തതിനാലും വെളിച്ചക്കുറവ് ഉണ്ടായിരുന്നു. ആയതിനാൽ തന്നെ സ്ത്രീകൾക്ക് വേണ്ടിയുള്ള ഫിറ്റ്നെസ്സ് സെന്റർ നടത്തുന്നതിന് വനിതാ സൗഹൃദപരമായ അന്തരീക്ഷം അവിടെ അനുഭവപ്പെട്ടില്ല. കുടുംബക്ഷേമ കേന്ദ്രം നിലവിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റിയിട്ടുണ്ടെങ്കിലും ടി ഓഫീസിൽ ഉപയോഗിച്ചിരുന്ന അലമാരകൾ, മേശ തുടങ്ങിയവ ഇപ്പോഴും അവിടെത്തന്നെയാണുള്ളത്. സ്ഥലസൗകര്യം കുറവായതിനാൽ എല്ലാ ഉപകരണങ്ങളും വളരെ അടുത്തടുത്തായാണ് സെറ്റ് ചെയ്തിട്ടുള്ളത്. സ്ഥാപനം എന്ന് തുടങ്ങും എന്നകാര്യത്തിൽ വ്യക്തമായ ഉത്തരം തരാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചില്ല.

മേല്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ചും ഫിറ്റ്നെസ്സ് സെന്റർ നാളിതുവരെയായി പ്രവർത്തനം തുടങ്ങാത്തത് സംബന്ധിച്ചും 25/19-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രാഥമിക ഉടമ്പടിയും ഗ്യാരന്റി/വാറന്റി, പരിപാലനവുമായി ബന്ധപ്പെട്ട കരാറും ഇൻസ്റ്റലേഷൻ റിപ്പോർട്ടും എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്നും വനിതാ ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ തന്നെയാണ് ഇറക്കിവച്ചിട്ടുള്ളതെന്നും കറന്റ് കണക്ഷൻ ഇല്ലാത്തതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനം ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഉടൻതന്നെ പ്രവർത്തനം ആരംഭിക്കാം എന്ന് ഭരണസമിതി പറയുന്നുണ്ടെങ്കിലും എപ്പോൾ തുടങ്ങും എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥന് മാത്രമായി തീരുമാനിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സ്ഥല പരിശോധന, നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി എന്നിവയിൽ നിന്നും കൃത്യമായ ആസൂത്രണവും മുന്നൊരുക്കവും ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാണ്. ഉപകരണങ്ങൾ വാങ്ങി 9 മാസങ്ങൾ കഴിഞ്ഞിട്ടും ഫിറ്റ്നസ്സ് സെന്ററിന്റെ പ്രവർത്തനം വൈകുന്നത് മെഷീനറികൾ തുരുമ്പെടുത്ത് നശിക്കുന്നതിനും പ്രവർത്തനക്ഷമതയെ സാരമായി ബാധിക്കുന്നതിനും ഇടയാക്കുമെന്നതിനാൽ (അവ ലഭ്യമാക്കിയ സ്ഥാപനവുമായി ഇതുവരെയായും ഗ്യാരന്റി/വാറന്റി, പരിപാലനവുമായി ബന്ധപ്പെട്ട കരാറിൽ ഏർപ്പെട്ടിട്ടില്ല) സ്ഥാപനം എത്രയും വേഗം പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഫിറ്റ്നസ്സ് സെന്ററിന്റെ പ്രവർത്തനം നാളിതുവരെയായി തുടങ്ങാത്ത സാഹചര്യത്തിൽ ₹548175 (448266 + 99909) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തനക്ഷമമാക്കിയ വിവരം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-രേഖകൾ ലഭ്യമാക്കിയില്ല ₹20484യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എട്ടൂർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 255/23 ക്ലീൻകേരള കമ്പനിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹3,00,000 തനത് ഫണ്ട് |
| ചെലവ് | ₹1,34,284 വൗച്ചർ നമ്പർ : 22200656/3-11-2022 |

ക്ലീൻകേരള കമ്പനിക്ക് തുക കൈമാറൽ എന്ന മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ MCFൽ ശേഖരിച്ചിട്ടുള്ള പുന:ചംക്രമണയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതിന് താഴെ പറയും പ്രകാരം ക്ലീൻകേരള കമ്പനിക്ക് ₹1,34,284 നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ക്ലീൻ കേരള കമ്പനി കത്ത് | ഇൻവോയ്സ് നമ്പർ/ തീയതി | അജൈവ മാലിന്യത്തിന്റെ തൂക്കം Kg | തുക ₹ | ജി എസ് ടി @ 18% | ആകെ തുക ₹ |
|---|---|---|---|---|---|---|
| 1 | D23/CKCL /2021, 13-9-2022 | D22/SER.22-23/ 224/3-8-2022 | 4860 | 48600 | 8748 | 57348 |
| 2 | D23/CKCL /2021, 13-9-2022 | D23/SER.22-23/ 225/3-8-2022 | 6520 | 65200 | 11736 | 76936 |
| | ആകെ | | 11380 | 113800 | 20484 | 134284 |

മേല്പറഞ്ഞ ചെലവുമായി ബന്ധപ്പെട്ട രേഖകൾ - ഹരിതകർമ്മസേന വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ, ക്ലീൻ കേരള കമ്പനി തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത സേവനത്തിന് 18% ജി എസ് ടി തുകയായ ₹20484 കൂടി ബില്ലിൽ നൽകിയിട്ടുണ്ട്. പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31.07.2018 പ്രകാരം ജി എസ് ടി ബാധകമല്ല. പ്രസ്തുത സേവനത്തിന് 18% ജി എസ് ടി ഉൾപ്പെടെയുള്ള തുക കൂടി ബില്ലിൽ നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനുമായി 27/19-12-2023 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികമായി ജി എസ് ടി ഇനത്തിൽ നൽകിയ തുക തുടർന്ന് നൽകുന്ന ബില്ലിൽ കുറവ് വരുത്തുന്നതാണെന്നും ക്ലീൻ കേരള കമ്പനി തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി എസ് ടി ഇനത്തിൽ അനുവദിച്ച ₹20484 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകളും കമ്പനിയിൽ നിന്നും ജി എസ് ടി തിരികെ ഈടാക്കി നിർദ്ദിഷ്ട ഫണ്ടിൽ വരവ് വെച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-20 സാന്ത്വന പരിചരണം - മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല ₹45667 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ/പേര് | 31/23 സാന്ത്വന പരിചരണം |
| അടങ്കൽ | ₹1000000 വികസന ഫണ്ട് – പൊതു വിഭാഗം |
| ചെലവ് | ₹960005 ബിൽ നമ്പർ : 22220652009500666550/19-10-22 |

മേൽ പ്രോജക്ട് പ്രകാരം സാന്ത്വന പരിചരണത്തിനായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF-1349/16-09-2022 അനുസരിച്ച് KMSCLന്റെ അക്കൗണ്ടിലേക്ക് ₹141920 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (BRN നമ്പർ 22220652009500666550/19-10-2022). ₹96253 യുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിട്ടുള്ളത്. ₹45667 യുടെ മരുന്നുകൾ ലഭ്യമാവാൻ ബാക്കിയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | ലഭ്യമായ മരുന്നിന്റെ വില ₹ |
|---|---|---|
| 1 | 9923/19-6-23 | 3791 |
| 2 | 13452/19-7-23 | 75264 |
| 3 | 18288/20-9-23 | 4583 |
| 4 | 19038/6-10-23 | 4536 |
| 5 | 19510/25-10-23 | 3249 |
| 6 | 20360/4-11-23 | 511 |
| 7 | 21532/24-11-23 | 4319 |

| | | |
|---|---|---|
| | ആകെ | ₹96253 |

₹45667 യുടെ മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച് 41/21-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹45667 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ മുഴുവനായും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ബാലസഭ കുട്ടികൾക്ക് ഏകദിന പഠനക്യാമ്പും ഫുട്ബോൾ വോളിബോൾ പരിശീലനവും ₹20,280 യുടെ അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ, ഇടവേലി |
| പ്രോജക്റ്റ് നമ്പർ / പേര് | 218/23<br>ബാലസഭ കുട്ടികൾക്ക് ഏകദിന പഠനക്യാമ്പും ഫുട്ബോൾ വോളിബോൾ പരിശീലനവും |
| അടങ്കൽ | ₹75,000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹37,280 ബിൽ നമ്പർ : 2222065201000152566 6/28.03.2023 |

ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായി, ഭക്ഷണം, പഠനോപകരണ കിറ്റ് വാങ്ങൽ, പരിശീലന ക്ലാസ്സ് നടത്തിയവർക്ക് വേതനം എന്നിവയ്ക്കായി മേൽ പ്രോജക്റ്റ് പ്രകാരം ₹37,280 ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ, തീയതി 28-05-2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.7.10(1) പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് വാർഡ് ഒന്നിന് ₹1000 യിൽ അധികമാകാതെ തുക ചെലവഴിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം 17 വാർഡുകളുള്ള ആറളം ഗ്രാമപഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി പരമാവധി ചെലവഴിക്കാവുന്ന തുക ₹17,000-യാണ്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ₹20,280 അധികം ചെലവഴിച്ചത് സംബന്ധിച്ച് 19/19.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി കാര്യക്ഷമമായി നടത്തുവാൻ വേണ്ടിയാണ് ₹37,280 ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ച പരിധിയിൽ കവിഞ്ഞുള്ള ₹20,280 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ₹37,280 വരെ ചെലവഴിക്കാനുള്ള സർക്കാർ അനുമതി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 321/23 സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹200000 വികസന ഫണ്ട് |
| ചെലവ് | ₹177000 ബിൽ നമ്പർ : 222120652009801224318/17-02-2023 |

ഗ്രാമപഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. 2022-23 വർഷം പദ്ധതിയുടെ ഒന്നാം ഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ലാ കലക്ടറുടെ 13.01.23 ലെ 444/2022-23 /ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്റ്റിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 KVA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 6/16-12-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിനിയോഗവിവരം ലഭ്യമാക്കുന്നതാണെന്ന ജില്ലാപഞ്ചായത്തിന്റെ കത്ത് ഹാജരാക്കുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 മഴക്കാല പൂർവ്വ ശുചീകരണം-തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല ₹170000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വാർഡ് സാനിറ്റേഷൻ കമ്മിറ്റി മുഖാന്തിരം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാർഡ് ഒന്നിന് ₹10000 വീതം 17 വാർഡുകൾക്കായി വൗച്ചർ നമ്പർ 22200251/16-06-22 പ്രകാരം ആകെ ₹170000 മുൻകൂർ ആയി വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2/16-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹170000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് ശുചിത്വമിഷൻ തിരിച്ച് നൽകിയ വിവരം കൂടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കളരിക്കാട് ആയുർവേദ ആശുപത്രി ക്വാർട്ടേഴ്സിന് വൈദ്യുത കണക്ഷൻ തുടർവിവരങ്ങൾ ലഭ്യമാകാത്തതിനാൽ ₹56827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 299/23<br>കളരിക്കാട് ആയുർവേദ ആശുപത്രി<br>ക്വാർട്ടേഴ്സിന് വൈദ്യുത കണക്ഷൻ |
| അടങ്കൽ | ₹50000 വികസനഫണ്ട്<br>₹6827 തനത് ഫണ്ട്<br>ആകെ : ₹56827 |
| ചെലവ് | ₹50000 ബിൽ നമ്പർ : 22220652009801023939/09-01-23<br>₹6827 വൗച്ചർ നമ്പർ : 22200919/25-01-2023<br>ആകെ : ₹56827 |

മേൽ പ്രൊജക്ട് പ്രകാരം കളരിക്കാട് ആയുർവേദ ആശുപത്രി ക്വാർട്ടേഴ്സിന് വൈദ്യുത കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ₹56827 കെ.എസ്.ഇ.ബിയുടെ 0000057048604085 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് 30/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കറന്റ് കണക്ഷൻ നൽകുന്നതിന് ആവശ്യമായ ക്വാളിറ്റി മെറ്റീരിയൽ ലഭ്യമല്ലാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാത്തതെന്നും ആയത് ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതാണെന്നും കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ₹56827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകം ₹2,98,680 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ ഇടവേലി |
| പ്രോജക്ട് നമ്പർ / പേര് | ₹208/23<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം |
| അടങ്കൽ | ₹3,00,000 വികസന ഫണ്ട് – ടി.എസ്.പി |
| ചെലവ് | ₹2,98,680<br>ബിൽ നമ്പർ : 22220652010001550965/28.03.2023 |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 57 വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. ആകെ 36 വിദ്യാർത്ഥികൾക്ക് മാത്രമാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള 21 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യാത്തത് സംബന്ധിച്ച് 18/19.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 21 വിദ്യാർത്ഥികൾ ഫർണിച്ചറുകൾ സ്വീകരിക്കാത്തതിനാൽ ഇടവേലി സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അവ വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

2. ഫർണിച്ചർ വിതരണം ചെയ്ത വിദ്യാർത്ഥികളിൽ ആനന്ദ്. എ. കെ, സംവൃത. എം. കെ എന്നിവരുടെ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
3. ആനന്ദ് എ. കെ, ശ്രീധുൻ കെ. കെ, സംവൃത എം. കെ, വിനീത സി. കെ, അമല സി. കെ എന്നിവർ ഒഴികെയുള്ള വിദ്യാർത്ഥികൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

21 സെറ്റ് ഫർണിച്ചറുകൾ വിതരണം ചെയ്യാത്തതിനാലും, സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാത്തതിനാലും പദ്ധതി പ്രകാരം ചെലവഴിച്ച ₹2,98,680 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിയും, വിതരണം പൂർത്തിയാക്കിയും വിവരം ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹1,66,319 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി സ്കൂൾ, ഇടവേലി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 190/23 ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | ₹1,66,320 വികസനഫണ്ട് – ടി.എസ്.പി |
| ചെലവ് | ₹1,66,319 ബിൽ നമ്പർ : 2222065201000l382108/15.03.2023 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന് മേൽ പ്രോജക്ട് പ്രകാരം മേഘ എം. എ, സൗമ്യ ടി, ബിജിത്ത് ബിജു, നന്ദന രാജീവൻ എന്നീ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 21/19.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹1,66,319 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല - ₹570340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ / പേര് | 277/23 പഞ്ചായത്ത് കോൺഫറൻസ് ഹാളിന് ഫർണിച്ചർ | 55/23 പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) | 52/23 പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഓഫീസിലേക്ക് റിവോൾവിങ് ചെയറും മറ്റ് ചെയറുകളും വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹443432 വികസന ഫണ്ട് | ₹100000 വികസന ഫണ്ട് | ₹51000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹420940 ബിൽ നമ്പർ : 222206520098015378ll/ 28-03-23 | ₹98438 ബിൽ നമ്പർ : 222206520098004650 54/ 26-08-22 | ₹50962 ബിൽനമ്പർ : 140/18-11-2022 |
| ഇൻവോയ്സ് നമ്പർ | KNR/22-23/402, 25-3-2023 | KNR/21-22/274, 29-3-2022 | KNR/21-22/275, 29-3-2022 |

| | | | |
|---|---|---|---|
| വാങ്ങിയ സാധനങ്ങൾ | സ്റ്റീൽ ജഫേഴ്സൺ ചെയർ 75 എണ്ണം<br>റിവോൾവിങ് ചെയർ 5 എണ്ണം<br>ഡയസ് ടേബിൾ 1<br>സ്റ്റെയിൻലെസ് സ്റ്റീൽ പോഡിയം 1 | Hard Wood SD Table : 12nos<br>Hard Wood DD Table : 2nos | Executive Revolving Chair : 1<br>Steel Visitors Chair With Cushion : 10 Nos |

സിഡ്കോയിൽ നിന്നാണ് മുഴുവൻ ഫർണിച്ചറുകളും വാങ്ങിയിട്ടുള്ളത്. സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതിയിട്ടില്ല. ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 50/21-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹570340 (420940+98438+50962) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ₹8,95,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ, ഇടവേലി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 308/23<br>ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1,00,000 വികസനഫണ്ട് – ടി.എസ്.പി<br>₹8,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ : ₹9,00,000 |
| ചെലവ് | ₹1,00,000<br>ബിൽ നമ്പർ : 2222065201000116 6659/09.02.2023<br>വികസനഫണ്ട്-ടി.എസ്.പി<br>₹7,95,000<br>ബിൽ നമ്പർ : 222206520100011 86845/14.02.2023<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ : ₹8,95,000 |

മേൽ പദ്ധതി പ്രകാരം ₹20,000 ആനുകൂല്യം ലഭിച്ചിട്ടുള്ള അനുരാഗ്. സി. എൻ എന്ന വിദ്യാർത്ഥിക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.4 പ്രകാരമുള്ള വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരവും രേഖപ്പെടുത്തി തയ്യാറാക്കിയ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 20/19.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും, രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതായും മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. സാക്ഷ്യപത്രത്തിന്റെയും രജിസ്റ്ററിന്റെയും അഭാവത്തിൽ ₹8,95,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രവും രജിസ്റ്ററും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ-പൂർത്തീകരണ വിവരം ലഭ്യമാകാത്തതിനാൽ ₹594153 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 166/23<br>തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ | ₹600000 വികസനഫണ്ട് |

| | |
|---|---|
| ചെലവ് | ₹594153 ബിൽ നമ്പർ : 329/26-02-2023 |

തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന മേൽ പ്രൊജക്റ്റ് പ്രകാരം കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ₹594153 കെ.എസ്.ഇ.ബിയുടെ 0000057048604085 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണസാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് 25/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെ.എസ്.ഇ.ബി നാളിതുവരെയായി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ₹594153 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കിയില്ലെങ്കിൽ നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി മാറുമെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9.3.2022-ലെ സർക്കുലർ നമ്പർ ഡിഎ, 64/22-ലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 വീർപ്പാട് ഗ്യാസ് ശ്മശാനത്തിന്റെ പ്രവർത്തനം അപാകങ്ങൾ ₹102203 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആറളം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വീർപ്പാട് ഗ്യാസ് ശ്മശാനത്തിന്റെ ചെലവുകൾക്ക് 2022-23 വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ / പേര് | 111/23 വീർപ്പാട് ഗ്യാസ് ശ്മശാനത്തിന് ഗ്യാസ് സിലിണ്ടർ വാങ്ങൽ | 53/23 വീർപ്പാട് ഗ്യാസ് ശ്മശാനത്തിന് ഗ്യാസ് സിലിണ്ടർ | 50/23 വീർപ്പാട് പൊതു ശ്മശാനത്തിന് ജനറേറ്റർ സംവിധാനം ഏർപ്പെടുത്തൽ |
|---|---|---|---|
| അടങ്കൽ | ₹60000 തനത്ഫണ്ട് | ₹24688 ധനകാര്യകമ്മീഷൻ ഗ്രാന്റ് | ₹58570 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹57960 വൗച്ചർ നമ്പർ : 22200498/06-09-22 | ₹4248 ബിൽ നമ്പർ : 24/30-05-2022 | ₹39995 ബിൽനമ്പർ : 51/21-07-2022 |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രോജക്റ്റ് നമ്പർ 111/23 പ്രകാരം വാങ്ങിയ 12 ഗ്യാസ് സിലിണ്ടറുകളും പ്രോജക്റ്റ് നമ്പർ 50/23 പ്രകാരം വാങ്ങിയ ജനറേറ്ററും സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇവയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല. ഗ്യാസ് സിലിണ്ടറുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. ശ്രീ. സദാശിവൻ. കെ. പി, ജി. എസ് ഇലക്ട്രിക്കൽസ് എന്നയാളാണ് ജനറേറ്റർ സ്ഥാപിച്ചത്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിന്റെയും അംഗീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. സ്ഥാപിച്ച ജനറേറ്ററിന്റെ ക്ഷമത സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

മേൽ അപാകങ്ങൾ സംബന്ധിച്ച് 42/22-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വീർപ്പാട് ഗ്യാസ് ശ്മശാനം നിലവിൽ പ്രവർത്തനയോഗ്യമല്ലെന്നും ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പ സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ലെന്നും ജനറേറ്ററിന്റെ ക്ഷമത സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ലെന്നും വീർപ്പാട് വാതകശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ₹3797091 ചെലവഴിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. ജനറേറ്റർ വാങ്ങുന്നതിനായി ടെണ്ടർ വിളിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രവർത്തനക്ഷമമല്ലാത്ത ഗ്യാസ് ശ്മശാനത്തിലേക്കായി ഗ്യാസും ജനറേറ്ററും വാങ്ങുന്നതിന് വേണ്ടി മുകളിൽ കൊടുത്ത പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച ₹102203 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ശ്മശാനം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ലഭ്യമാക്കിയില്ല ₹1911080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ, |
| പ്രോജക്റ്റ് നമ്പർ / പേര് | 47/23, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് |

| | |
|---|---|
| അടങ്കൽ | ₹1111080 വികസന ഫണ്ട് ജനറൽ<br>₹600000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹200000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹ 1911080 |
| ചെലവ് | ₹470775, ബിൽ നമ്പർ : 22220652011900645594/14-10-22<br>₹200000, ബിൽ നമ്പർ : 22220652011900981791/30-12-22<br>₹30830, ബിൽ നമ്പർ : 22220652011901024650/10-1-23<br>₹600000, ബിൽ നമ്പർ : 22220652011901134212/3-2-23<br>₹609475, ബിൽ നമ്പർ : 22220652011901328197/10-3-23<br>ആകെ : ₹1911080 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ മേൽ പട്ടികയിൽ ചേർത്ത സാംഖ്യ ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പ് തുക കണക്കാക്കിയതിന്റെ ടാബുലാർ ഷീറ്റ്, സ്കോളർഷിപ്പ് തുക അനുവദിച്ചത് രേഖപ്പെടുത്തുന്ന രജിസ്റ്റർ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്ന 32 കുട്ടികൾ, അവരുടെ രക്ഷിതാക്കൾ, വാർഡ് മെമ്പർമാർ അടക്കം 70 പേർ 2 വാഹനങ്ങളിലായി ആറളത്തു നിന്നും വിസ്മയ വാട്ടർ തീം പാർക്ക് പറശ്ശിനിക്കടവ്, പയ്യാമ്പലം ബീച്ച് എന്നിവിടങ്ങളിൽ ടൂർ പോയതിനാണ് ബിൽ നമ്പർ 222206520119010 24650/10-1-2023 പ്രകാരമുള്ള ₹30830 ചെലവഴിച്ചിട്ടുള്ളത് (വാഹന വാടക, വിസ്മയ പ്രവേശന പാസ്സ്, പ്രഭാത ഭക്ഷണം). ഇതിൽ 2 വാഹനങ്ങളുടെ വാടകയിനത്തിൽ ₹18000 അരുൺ എൻ വി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 616002010019365, Union Bank Of India) നൽകിയിട്ടുണ്ടെങ്കിലും വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ, ട്രിപ്പ് ഷീറ്റ്, ടിയാന്റെ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിസ്മയ വാട്ടർ തീം പാർക്കിലെ 2-1-2023 ലെ Ref/Vismaya/pckg17/2023 നമ്പർ പ്രകാരമുള്ള ബോർഡിംഗ് പാസ്സ് തുക ₹10880 അജയ്‌ലാൽ എം എന്ന വ്യക്തിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ടിയാന്റെ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിനായി 47/21-12-2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും രജിസ്റ്ററുകളുടേയും അഭാവത്തിൽ ₹1911080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- രേഖകൾ ഹാജരാക്കിയില്ല - വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 173/23, പ്രത്യേക കന്നുകുട്ടി പരിപാലനം – പൊതുവിഭാഗം |
| അടങ്കൽ | ₹1000000 വികസന ഫണ്ട് ജനറൽ<br>₹187500 തനത് ഫണ്ട്<br>₹1187500 മറ്റുള്ളവ -ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ : ₹2375000 |
| ചെലവ് | ₹1000000 ബിൽ നമ്പർ : 22220652012001182479/13-2-2023<br>₹187500 ബിൽ നമ്പർ : 278/13-2-2023<br>ആകെ : ₹1187500 |

ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമുള്ള 95 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് ശാസ്ത്രീയമായി സമീകൃത കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%), സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നുമാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. കാലിത്തീറ്റ വിതരണത്തിനായി 24-2-2023 ലെ 1/2/23 നമ്പർ പഞ്ചായത്ത്

തീരുമാന പ്രകാരം കീഴ്പള്ളി, ചെടിക്കുളം, എട്ടൂർ ക്ഷീര സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേല്പറഞ്ഞ പ്രകാരം ₹1187500 പിൻവലിച്ച് 13-2-2023 ന് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തുകയുടെ കൈപ്പറ്റ് രശീത്, പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം/നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട് ക്ഷീരസഹകരണ സംഘങ്ങളിൽ സൂക്ഷിക്കുന്ന കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. പ്രോജക്ടിൽ പദ്ധതിക്കാലയളവ് തീരുന്നതുവരെ കന്നുകുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. സ.ഉ.(കൈ) 115/228/ത.സ്വ.ഭ.വ, തീയതി 28-05-22 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3.7 പ്രകാരം മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണ് പ്രോജക്ടിനായി ഉപയോഗിക്കേണ്ടത്. എന്നാൽ കന്നുകുട്ടി ജനന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. കന്നുകുട്ടികളുടെ പ്രായം, തൂക്കം, ആദ്യപ്രസവത്തിലെ പ്രായം, ഉല്പാദനം എന്നിവ മൂന്നു മാസത്തിലൊരിക്കൽ മോണിറ്ററിംഗ് ചെയ്യാനാണ് പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ആയതിന് വിരുദ്ധമായി പദ്ധതി പൂർത്തീകരിച്ചതായി കാണിച്ച് മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് 46/21-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ രേഖകളും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 പാലയാട് ദേവസ്വം കുളം നവീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകം ₹4033044 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 62/23 പാലയാട് ദേവസ്വം കുളം നവീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹43,39,250 വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹4033044 |
| നിർവ്വഹണരീതി | ടെണ്ടർ |
| കരാറുകാരൻ | തോമസ്കുട്ടി ദേവസ്യ |
| കരാർ നമ്പർ | AE/LSGD/ARLM/85/2021-22 |
| പ്രവൃത്തി ആരംഭിച്ച തീയതി | 22-03-2022 |
| പൂർത്തീകരണ കാലാവധി | 9 മാസം |
| M-Book No. | 85/2021-22 |
| പൂർത്തീകരിച്ച തീയ്യതി | 2-12-2022 |
| ചെലവ് | ₹27,58,837 ബിൽ നമ്പർ : 30/22-23/06-09-2022<br>₹1274207 ബിൽ നമ്പർ : 38/22-23/31-01-2023<br>ആകെ : ₹4033044 |
| File No | AE/GP/159/2021-22 |

ആറളം ഗ്രാമ പഞ്ചായത്ത്, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പാലയാട് ശിവക്ഷേത്രത്തിമകീഴിലുള്ള ക്ഷേത്രക്കുളം പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി നവീകരിക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ടുള്ള പാലയാട് ദേവസ്വത്തിന്റെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കുളം നവീകരിച്ച് ശുദ്ധജലവിതരണത്തിനു വേണ്ടിയുള്ള പാലയാട് ദേവസ്വം കുളം നവീകരണം എന്ന മേൽ പ്രോജക്ട് നടപ്പിലാക്കിയത്. ക്ഷേത്രക്കുളത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും നീക്കം ചെയ്ത് 20 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും കെട്ടിയുയർത്തി, കുളത്തിന്റെ അടിഭാഗം കരിങ്കല്ല് ഉപയോഗിച്ചും, മറ്റ് ഭാഗങ്ങൾ ചെങ്കല്ല് ഉപയോഗിച്ചും നിർമ്മിക്കുന്നതിനും കുളം ശുദ്ധജലവിതരണത്തിന് അനുയോജ്യമാക്കുന്നതിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പദ്ധതി മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണത്തിലുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പാലയാട് ദേവസ്വം ട്രസ്റ്റി ബോർഡ് ചെയർമാന്റെ തീയതി രേഖപ്പെടുത്താത്ത കത്തിന്റെ (ലെറ്റർപാഡ്) അടിസ്ഥാനത്തിലാണ് ₹4033044 ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയത്. കുളം ഉൾപ്പെടുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പാലയാട് ദേവസ്വത്തിന് തന്നെ നിലനിർത്തിക്കൊണ്ട് പ്രദേശത്തെ (വാർഡ് 2) ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ക്ഷേത്രക്കുളം നവീകരിച്ച് ശുദ്ധജല വിതരണത്തിനും സമ്മതമാണ് എന്നാണ് പാലയാട് ദേവസ്വം ട്രസ്റ്റി ബോർഡ് ചെയർമാൻ അറിയിച്ചിട്ടുള്ളത്. ₹4033044 ചെലവഴിച്ച് നവീകരിച്ച കുളം പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സാഹചര്യത്തിൽ അതിന്റെ ബെനിഫിറ്റ് ഷെയറിങ് പൊതുജനത്തിന് ലഭ്യമാകുന്നതിന് നിശ്ചിത മൂല്യം ഉള്ള മുദ്രപത്രത്തിൽ കരാർ ചമക്കുകയും ആയത് രജിസ്റ്റർ ചെയ്യേണ്ടതുമായിരുന്നു. ക്ഷേത്രക്കുളം ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ സ്ഥിതി ചെയ്യുന്നതിനാൽ അതിലെ ജലം പൊതുജന ആവശ്യാർഥം ഉപയോഗിക്കാമെന്ന് കത്തിൽ പറഞ്ഞാലും ഭാവിയിൽ ഇത് സംബന്ധിച്ച് തർക്കം ഉടലെടുക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ ഭാഗം ഭദ്രമാക്കുന്നതിന് നിയമപ്രകാരമുള്ള കരാർ അത്യാവശ്യമാണ്. കൂടാതെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18-12-2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം ഖണ്ഡിക 4.14. പ്രകാരം സമാനസ്വഭാവമുള്ള മറ്റൊരു പ്രവൃത്തിയിൽ പൊതുജനങ്ങൾക്ക് പ്രയോജനം ലഭ്യമാകുന്നതിന് വാട്ടർ ഷെയർ എഗ്രിമെൻറ് ഉണ്ടാകണമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി നിബന്ധന വെച്ചിട്ടുണ്ട്. ഇക്കാര്യം പാലയാട് ദേവസ്വം കുളം നവീകരണം പ്രവൃത്തിക്കും ബാധകമാണ്. വാട്ടർ ഷെയർ എഗ്രിമെൻറ് പഞ്ചായത്ത് ദേവസ്വം അധികാരികളുമായി ചമക്കേണ്ടതും ഏതൊക്കെ ഇനങ്ങളിൽ എത്ര ക്യൂബിക് ജലം എത്ര കാലയളവിലേക്ക് ഉപയോഗിക്കാം എന്ന് വ്യക്തമായി കരാറിൽ പരാമർശിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് 40/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പഞ്ചായത്ത് സെക്രട്ടറി മുഖേന ദേവസ്വം അധികാരികളുമായി കരാറിൽ ഏർപ്പെണ്ടതാണെന്ന കത്ത് മുഖേന അറിയിച്ചിരുന്നുവെന്നും എന്നാൽ പഞ്ചായത്ത് അത് യഥാസമയം ചെയ്യാതിരുന്നതിനാലാണ് വാട്ടർ ഷെയർ എഗ്രിമെന്റ് ചമക്കാതെ പോയതെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ഈ വിഷയത്തിൽ ഇതുവരെ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ ₹4033044 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് -മുഴുവൻ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല

12-03-2013 ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട താണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആറളം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 284 തെരുവ് വിളക്കുകൾ മീറ്ററിംഗ് സംവിധാനം ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2022-23 വർഷം ₹139147 കെ എസ് ഇ ബിക്ക് അടവാക്കിയിട്ടുണ്ട്. മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ചാർജ്ജ് നിർണ്ണയം കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 കശുമാവ്, കുരുമുളക് തൈ വിതരണം - കുരുമുളക് തൈകളുടെ വിതരണവിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 154/23 കശുമാവ്, കുരുമുളക് തൈ വിതരണം |
| അടങ്കൽ | ₹375000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹375000 ബിൽ നമ്പർ : 2222065201270076863З/28-10-22 |

കശുമാവ്, കുരുമുളക് തൈകൾ വാങ്ങി ആറളം ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി

തയ്യാറാക്കിയ മേൽ പ്രോജക്ടനസരിച്ച് ഇരിട്ടി ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 129/17-8-2022 പ്രകാരം 3060 കശുമാവിൻ തൈകളും ഇൻവോയ്സ് നമ്പർ 1130/17-8-2022 പ്രകാരം 22200 കുരുമുളക് തൈകളും വാങ്ങുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. 3060 കശുമാവിൻ തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 22200 കുരുമുളക് തൈകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും 12500 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് വിതരണ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ബാക്കി കുരുമുളക് തൈകളുടെ വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 28/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരാൾക്ക് 100 കുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിരുന്നതെന്നും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള 222 കർഷകർക്ക് ചിങ്ങം 1 കർഷക ദിനത്തോടനുബന്ധിച്ച് കുരുമുളക് തൈകൾ വിതരണം ചെയ്തിരുന്നുവെന്നും കർഷക ദിനത്തിൽ നടന്ന പരിപാടികളുടെ ഭാഗമായ തിരക്ക് കാരണം കൃത്യമായ വിതരണ പട്ടിക തയ്യാറാക്കാൻ സാധിച്ചിരുന്നില്ല എന്നും ഇത്തരം അപാകം ഇനി ആവർത്തിക്കില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 9200 കുരുമുളക് തൈകൾ ആരൊക്കെ എത്രവീതം കൊണ്ടുപോയി എന്നും എല്ലാ കർഷകർക്കും വിഭാവനം ചെയ്ത അളവിൽ തന്നെ തൈകൾ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തതയില്ലാത്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകമാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-36 ഇടവേലി സ്കൂളിന് മൈക്ക് സിസ്റ്റം വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ. പി. സ്കൂൾ, ഇടവേലി |
| പ്രൊജക്ട് നമ്പർ / പേര് | 216/23 ഇടവേലി സ്കൂളിന് മൈക്ക് സിസ്റ്റം വാങ്ങൽ |
| അടങ്കൽ | ₹75,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹74,920 ബിൽ നമ്പർ : 2222065201000083 3551/28.11.2022 |

മേൽ പദ്ധതി പ്രകാരം മൈക്ക് സിസ്റ്റം വാങ്ങുന്നതിനായി ₹74,920 ഓഡിയോ മാർട്ട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് 8-11-2010ലെ ജി ഒ(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ₹25,000 മുതൽ ₹1,00,000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കേണ്ടതാണ്. ആയതിന് പകരം ക്വട്ടേഷനാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് 16/19.12.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെണ്ടർ മുഖേന വാങ്ങണമെന്ന കാര്യം അറിയാത്തതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥാൻ നൽകിയത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കി വാങ്ങൽ ചട്ടങ്ങൾ പാലിച്ച് മാത്രമാണ് സാധനങ്ങൾ വാങ്ങുന്നത് എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-37 ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജായി അധികം നൽകിയ ₹2325 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ / പേര് | 83/2023 വീർപ്പാട് ഗ്യാസ് ശ്മശാനം നിർമ്മാണവും അനുബന്ധപ്രവൃത്തികളും |
| ഫണ്ട് | ₹457238<br>വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹330086 |
| നിർവ്വഹണരീതി | ടെണ്ടർ |
| കരാറുകാരൻ | സദാശിവൻ. കെ. പി. |

| | |
|---|---|
| കരാർ ഉടമ്പടി നമ്പർ | AE/LSGD/ARLM/83/2021-22 |
| പ്രവൃത്തി ആരംഭിച്ച തീയതി | 18-03-2022 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| M-Book No. | 83/2021-22 |
| പൂർത്തീകരിച്ച തീയ്യതി | 03-05-2022 |
| Treasury Bill/ Cheque No | 49/03-2022/28/03/2022 ₹330086 |
| File No | AE/GP 138/2021-22 |
| സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ നൽകിയ തുക | ₹13627 |
| സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ നൽകാവുന്ന തുക | ₹11302 (ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക 282553.04 X 4%) |
| സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ അധികം നൽകിയ തുക | ₹2325 |

മേൽ അപാകത സംബന്ധിച്ച് 49/21-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ അധികം നൽകിയ ₹2325 യുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം നൽകിയ ₹2325 തിരികെ ഈടാക്കേണ്ടതാണ്.

## 1-38 കീഴ്പ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). കീഴ്പ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2022-23 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകൾ ഇപ്രകാരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 38/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം.3/05/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 വാഹന പരിപാലനം - VEELS സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ് ലോഡ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ് വെയർ) വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. ഗ്രാമപഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തി യതിന്റെയും ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ രേഖപ്പെടുത്തുന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 34/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വീൽസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിലവിൽ ചെലവ് സംബന്ധിച്ച

വിവരങ്ങളൊന്നും സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ് മറുപടിനൽകിയത്. എല്ലാ ചെലവുകളും VEELS ൽ രേഖപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-40 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല.

ബി-18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ ഇനത്തിൽ ₹11,55,557 യും Advance To Others ഇനത്തിൽ ₹23,80,263 യും ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 14/18-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ.(പി)നം. 419/2011/ഫിൻ. തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ചതു മുതൽ തുക ഈടാക്കുന്നതു വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂർ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ള തുകകൾ പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ജലനിധി പദ്ധതി പൂർത്തീകരിച്ചിട്ടും അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല

2022-23 ലെ വാർഷിക ധനകാര്യ പത്രികയിലെ B-4, B-17, RP-40(b) ഷെഡ്യൂളുകൾ പ്രകാരം ജലനിധി അക്കൗണ്ടിൽ ₹15,05,131 നീക്കിയിരിപ്പുണ്ട്. ജലനിധി പദ്ധതി പൂർത്തീകരിച്ച സ്ഥിതിക്ക് ഇത്രയും തുക അക്കൗണ്ടിൽ ബാക്കി കിടക്കുന്നതിന്റെ സാഹചര്യം വിശദമാക്കുന്നതിന് 32/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആറളം ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതി 2014-15 വർഷം പൂർത്തീകരിച്ചതാണെന്നും ബാങ്ക് പലിശയിനത്തിലെ തുകയാണ് നീക്കിയിരിപ്പായി കിടക്കുന്നതാണെന്നും ആയത് എന്ത് ചെയ്യണമെന്നുള്ള നിർദ്ദേശം ഡിപ്പാർട്ട്മെന്റ് തലത്തിൽ ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28-05-2022 ലെ സ. ഉ. (കൈ)115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ തീയതി ഖണ്ഡിക 6.5.1 ൽ സംരഭകത്വ വികസനവും നൈപുണ്യ വികസനവും പ്രധാന ഘടകങ്ങളായി ഉൽപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും 04-01-2023 ലെ സ. ഉ. (കൈ)3/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 5 ൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള സംഘടനാ സംവിധാനം രൂപീകരിക്കണമെന്ന് നിർദ്ദേശിച്ച പ്രകാരം മാർഗ്ഗരേഖയിലെ ഖണ്ഡിക 5 ൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ, തദ്ദേശ ഭരണ സ്ഥാപനതല സാങ്കേതിക സമിതി എന്നിവ രൂപീകരിച്ചത് സംബന്ധിച്ചും സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ മിനുട്സ് പരിശോധനക്കായി ലഭ്യമാക്കുന്നതിനും 13/18-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. മേൽ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-43 സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് - നീക്കിയരിപ്പ് തുക സംബന്ധിച്ച വിശദാംശം ലഭ്യമല്ല.

സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ : 2022-23 വർഷത്തെ ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ | 3,10,016 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-സ്പെസിഫിക്ക് പർപ്പസ്-കാപ്പിറ്റൽ | 12,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 8,40,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- സ്പെസിഫിക്ക് പർപ്പസ് | 3,75,586 |

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-കാപ്പിറ്റൽ | 4,15,000 |

2021-22 സാമ്പത്തിക വർഷവും ഇതേ തുകകൾ തന്നെയാണ് നീക്കിയിരിപ്പായി അവശേഷിച്ചത്. പ്രസ്തുത തുകകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്നും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഏതൊക്കെ ആവശ്യങ്ങൾക്ക്, ഏതൊക്കെ വർഷങ്ങളിൽ ലഭിച്ചതാണെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് 8/16-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-44 ആസ്തി പരിപാലനം - അവലോകനം

പഞ്ചായത്ത് ഡയറക്ടറുടെ 08-11-2018 ലെ സി2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി പ്രസിഡണ്ട് അധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി ഉപയോഗം സംബന്ധിച്ച് വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുകയും വാർഷിക പൊതുയോഗത്തിൽ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നമ്പർ 84/2022 ത.സ്വ.ഭ.വ തീയതി 19-04-22 (ഖണ്ഡിക 6.8) പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് തയ്യാറാക്കുന്ന ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. റോഡ് ആസ്തി രജിസ്റ്റർ നിലവിലുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്പദ്ധതി തയ്യാറാക്കിയിരിക്കുന്നത് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി 2023-24വർഷം നിർവ്വഹണം നടത്തി വരുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് ഒടുക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചു. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 26 കുടിവെള്ള പദ്ധതികളുണ്ട്. 26 എണ്ണവും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കേണ്ടതാണ്.

## 1-45 മാലിന്യസംസ്കരണം

1994 ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് 12/18.12.2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

I. അജൈവമാലിന്യങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് കൈമാറുന്നതിനായുള്ള ശ്രമങ്ങൾ പഞ്ചായത്ത് ഹെൽത് ഇൻസ്പെക്ടർ, വി.ഇ.ഒ, മെമ്പർമാർ എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം സി എഫ് ൽ നിന്ന് ക്ലീൻ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആർ.ആർ.എഫ് ഇല്ല. ഷ്രെഡിംഗ് യൂനിറ്റ് ഇല്ല. സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ ശേഖരണ വിവരങ്ങൾ കൈമാറുന്നതിനായി ഹരിതമിത്രം മൊബൈൽ ആപ്പ് ഉപയോഗിക്കുന്നുണ്ട്. അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് പ്രതിമാസ ശേഖരണ കലണ്ടർ തയ്യാറാക്കി വീടുകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നല്കിയിട്ടുണ്ട്.

II. ജൈവമാലിന്യം

മെമ്പർമാരുടെ നേതൃത്വത്തിൽ വീട് വീടാന്തരം സന്ദർശനം നടത്തുകയും മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ ഇല്ലാത്ത വീടുകളിൽ അടിയന്തിരമായി അവ ഒരുക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഉറവിട സംസ്കരണ രീതികൾ ഫലപ്രദമാക്കുന്നതിന് വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നു. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യസംസ്കരണം നടക്കുന്നുവെന്നുറപ്പ് വരുത്തുന്നുണ്ട്. നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ- Waroom.lsgkerala.gov.in എന്ന പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ട്. 34 മിനി എം.സി.എഫുകളും ഒരു എം.സി.എഫുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജായി അധികം നൽകിയ ₹2325 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 83/2023 വീർപ്പാട് ഗ്യാസ് ശ്മശാനം നിർമ്മാണവും അനുബന്ധപ്രവൃത്തികളും (സ്പിൽ ഓവർ) |
| ഫണ്ട് | ₹457238<br>വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹330086 |
| നിർവ്വഹണരീതി | ടെണ്ടർ |
| കരാറുകാരൻ | സദാശിവൻ. കെ. പി. |
| കരാർ ഉടമ്പടി നമ്പർ | AE/LSGD/ARLM/83/2021-22 |
| പ്രവൃത്തി ആരംഭിച്ച തീയതി | 18-03-2022 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| M-Book No. | 83/2021-22 |
| പൂർത്തീകരിച്ച തീയ്യതി | 03-05-2022 |
| Treasury Bill/ Cheque No | 49/03-2022/28/03/2022 ₹330086 |
| File No | AE/GP 138/2021-22 |
| സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ നൽകിയ തുക | ₹13627 |
| സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ നൽകാവുന്ന തുക | ₹11302 (ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക 282553.04 X 4%) |
| സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ അധികം നൽകിയ തുക | ₹2325 |

മേൽ അപാകത സംബന്ധിച്ച് 49/21-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ അധികം നൽകിയ ₹2325 യുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം നൽകിയ ₹2325 തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2022-23 | 18-12-2023, 19-12-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ |

| | | 1966/2023 തീയ്യതി. 26.12.2023 |
|---|---|---|

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 600000 | 2022-23 | 47/23 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 600000 | ഇല്ല |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 960000 | 2022-23 | 122/23 ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം 2022-23 | 960000 | ഇല്ല |
| 3 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 200000 | 2022-23 | 132/23 ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം 2022-23 | 200000 | ഇല്ല |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 270000 | 2022-23 | 136/23 ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗ വിഭാഗം 2022-23 | 270000 | ഇല്ല |
| 5 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 1000000 | 2022-23 | 184/23 ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ്സ് | 1000000 | ഇല്ല |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 795000 | 2022-23 | 308/23 ഉന്നത പഠനം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 795000 | ഇല്ല |
| | ആകെ | 3825000 | | | 3825000 | |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 2022-23 | 47/23 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 840000 | 2022-23 | 122/23 ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം 2022-23 | 840000 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 350000 | 2022-23 | 142/23 നെൽകൃഷിക്ക് കൂലിചെലവ് വിത്ത് സബ്സിഡി | 350000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 360000 | 2022-23 | 184/23 ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ്സ് | 360000 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2999233 | 2022-23 | 187/23 ഗോത്ര സാരഥി പദ്ധതി | 2999233 | ഇല്ല |
| | ആകെ | 4749233 | | | 4749233 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റ് നമ്പർ / പേര് | നൽകിയ തുക | വൗച്ചർ/ ബിൽ/നമ്പർ /തീയ്യതി | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 48/23 കുണ്ടുമാങ്ങോട് അങ്കണവാടിക്ക് കുഴൽകിണർ നിർമ്മാണവും പമ്പ്സെറ്റ് വാങ്ങലും (സ്പിൽ ഓവർ) | 105000 | 200/31-12-2022 | ₹95594 ചെലവഴിച്ചു. ബാലൻസ് തുകയായ ₹9406 ഭൂജല വകുപ്പ് തിരിച്ചടച്ചു | പൂർത്തിയായി |
| ഭൂജല വകുപ്പ് | 322/23 ചതിരൂർ അങ്കണവാടിക്ക് കുഴൽകിണറിന് മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | 116500 | 385/15-3-2023 | 108619 | 7881 തിരികെ ലഭിച്ചു |
| കെ.എസ്.ഇ.ബി | 166/23 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ്മെയിൻ വലിക്കൽ | 594153 | 329/26-2-2023 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| | 299/23 കളരിക്കാട് ആയുർവേദ ആശുപത്രി ക്വാർട്ടേർസിന് വൈദ്യുതി കണക്ഷൻ | 50000<br>6827 | 209/9-1-2023<br>22200919/ 25-1-2023 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| | 335/23 മങ്കുന്ന് അങ്കണവാടിക്ക് സമീപമുള്ള ഇലക്ട്രിക്പോസ്റ്റ് മാറ്റൽ എബിസി കേബിൾ വലിക്കൽ | 43495 | 387/15-3-2023 | 43495 | പൂർത്തി യാക്കി |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.688/ 2019/ ത.സ്വ.ഭ.വ/ 22-3-2019 | 24640000 | 19594668 | ഇല്ല | 2245372 | | 17349296 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 3462115 |
| തൻവർഷം നിക്ഷേപിച്ചത് | 236809 |
| ആകെ | 3698924 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 3698924 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | ഇരിട്ടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, എടൂർ ബ്രാഞ്ച്<br>FD No. 151/2016-17/13-5-2022 | 787853 |
| 2 | ആറളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കീഴ്പള്ളി<br>FD No. 10843/29-9-2022 | 1575710 |
| 3 | പായം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, പായം<br>FD No. 1001028145/31-3-2023 | 1335361 |
| | ആകെ | 3698924 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 14 | 2003-04 | 03.13.2017 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2013-14, 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ഉൾപ്പെടുത്തുന്നു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(എ) | 2016-17 | അധ്യായം 2 അനുബന്ധം5 | ഡി & ഒ ലൈസൻസ് അപേക്ഷകളിൽ പരിശോധന റിപ്പോർട്ടോ സെക്രട്ടറിയുടെ തീരുമാനമോ ഇല്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(ബി) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി അപാകങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(സി) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(ഡി) | 2016-17 | അധ്യായം 2 അനുബന്ധം5 | അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(ഇ) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 76583320 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 66012134 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 2325 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 9609252 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-37 | - | 2325 | ശ്രീ. ഇബ്ബ മഷൂദ്, അസിസ്റ്റന്റ് എഞ്ചിനീയർ |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-18 | 548175 | ശ്രീമതി. അനിത. പി, ICDS സൂപ്പർവൈസർ |
| 1-19 | 20484 | ശ്രീ. സൂരജ്. കെ. വി, വി.ഇ.ഒ. എട്ടൂർ |
| 1-20 | 45667 | ഡോ. പ്രിയ. കെ.മെഡിക്കൽ ഓഫീസർ PHC |
| 1-21 | 20,280 | ശ്രീ. അബ്ദുൽ ബഷീർ. എം. കെ, ഹെഡ് മാസ്റ്റർ |
| 1-22 | 177000 | ശ്രീമതി. രശ്മിമോൾ. പി. എസ്, സെക്രട്ടറി |
| 1-23 | 170000 | ശ്രീ. രാമചന്ദ്രൻ. വി, സെക്രട്ടറി |
| 1-24 | 56827 | ശ്രീമതി. രശ്മിമോൾ. പി. എസ്, സെക്രട്ടറി |
| 1-25 | 2,98,680 | ശ്രീ. അബ്ദുൽ ബഷീർ. എം. കെ, ഹെഡ് മാസ്റ്റർ |
| 1-26 | 1,66,319 | ശ്രീ. അബ്ദുൽ ബഷീർ. എം. കെ, ഹെഡ് മാസ്റ്റർ |
| 1-27 | 570340 | ശ്രീമതി. രശ്മിമോൾ. പി. എസ്, സെക്രട്ടറി ₹420940<br>ശ്രീ. രാമചന്ദ്രൻ. വി, സെക്രട്ടറി ₹98438<br>ശ്രീ. സുനിൽകുമാർ. ആർ. എസ്. ₹50962 |
| 1-28 | 8,95,000 | ശ്രീ. അബ്ദുൽ ബഷീർ. എം. കെ, ഹെഡ് മാസ്റ്റർ |
| 1-29 | 594153 | ശ്രീമതി. രശ്മിമോൾ. പി. എസ്, സെക്രട്ടറി |
| 1-30 | 102203 | ശ്രീ. രാമചന്ദ്രൻ വി സെക്രട്ടറി |
| 1-31 | 1911080 | ശ്രീമതി. അനിത. പി, ICDS സൂപ്പർവൈസർ |
| 1-33 | 4033044 | ശ്രീ. ഇബ്ബ മഷൂദ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 9609252 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിത. പി,<br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ<br>പനമരം | കപ്പോത്ത് ഹൌസ്,<br>പയ്യാവൂർ-പി.ഒ,<br>പൊന്നുംപറമ്പ |
| ശ്രീ. സൂരജ്. കെ. വി,<br>വി.ഇ.ഒ. എട്ടൂർ | പോസ്റ്റൽ ഡിപ്പാർട്ടമെന്റ് | സൂരജ് ഭവൻ, പൊറോറ<br>മട്ടന്നൂർ, കണ്ണൂർ |
| ഡോ. പ്രിയ. കെ, മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽ ഓഫീസർ<br>CHC കീഴ്പ്പള്ളി | കൃഷ്ണരാഗം,<br>താലൂക്ക് ഹോസ്പിറ്റലിന് സമീപം<br>പേരാവൂർ, കണ്ണൂർ |
| ശ്രീ. അബ്ദുൽ ബഷീർ. എം. കെ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ജി.യു.പി.എസ് വിളക്കോട് | ഗസൽ, കാവുംപടി<br>തില്ലങ്കേരി, കണ്ണൂർ |
| ശ്രീമതി. രശ്മിമോൾ. പി. എസ്, സെക്രട്ടറി | സെക്രട്ടറി, കുന്നുകര ഗ്രാമ പഞ്ചായത്ത്, എറണാകുളം | കഴവൻകാട്ടിൽ,<br>വാളമംഗലം സൌത്ത്<br>തുറവൂർ ഈസ്റ്റ്, ആലപ്പുഴ |
| ശ്രീ. രാമചന്ദ്രൻ. വി, സെക്രട്ടറി | സെക്രട്ടറി, മുഴക്കുന്ന്<br>ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയിൽ ഹൌസ്,<br>നെല്ലൂന്നി, മട്ടന്നൂർ, കണ്ണൂർ |
| ശ്രീ. സുനിൽകുമാർ. ആർ. എസ്.<br>സെക്രട്ടറി ഇൻ ചാർജ് | വണ്ടിപ്പെരിയാർ<br>ഗ്രാമ പഞ്ചായത്ത് | റൂബിഹൌസ്,<br>ചൂരപ്പൊയ്ക<br>കുഴിമന്തിക്കാട്, കൊല്ലം |
| ഡോ. നവാസ് ഷെറീഫ്. സി. എം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>ജില്ലാ വെറ്ററിനറി സെന്റർ, കണ്ണൂർ | ക്രസന്റ് മഹൽ,<br>അയഞ്ചേരി- പി. ഒ,<br>കോഴിക്കോട് |
| ശ്രീ. ഇബ്ബ മഷൂദ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആറളം ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറ്റയിൽ വീട്,<br>മയ്യനാട്, കൊല്ലം,<br>691303 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-00 പദ്ധതി ചെലവ് | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 3 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 4 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1258/2022 തീയതി 3.09.2022 | 3 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /99/2022 തീയതി 5.04.2022 | 20 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /100/2022 തീയതി 5.04.2022 | 22 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1496/2023 തീയതി 12.01.2023 | 32 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2023 dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Aralam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aralam Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Aralam Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. The following mandatory Financial Statements such as B1 schedule, Ratios,comparitive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit

3.Closing stock information is not included in the Balance sheet B14 schedule as per B-14 schedule

4. Lapses in making timely and accurate demand entries in respect of tax and non tax revenue

5.Tender form sale register not produced for audit.

6. ACR is not maintained for various special purpose grants.

7.Grant for Specific Purposes- Health Grant towards support for diagnostic infrastructure to the PHCs - as per B4 Schedule (430388 ) does not match with the amount shown in B17 Schedule (252477).

8. Advance register not maintained properly.

9. Rent amount received from buildings shown in the respective register does not match with that shown in AFS

10. Asset register is not updated.

11. Distress relief fund shown in B-2 schedule differs from B-17 schedule

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT - Aralam Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 33404048.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1965950.00 |
| 140000000 | Fees & User Charges | RP-4 | 871790.00 |
| 150000000 | Sale & Hire Charges | RP-5 | 368399.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14681000.00 |
| 171000000 | Interest Earned | RP-9 | 612145.00 |
| 190000000 | Prior Period Income | RP-11 | 105996.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 2256.00 |
| 311000000 | Earmarked Funds | RP-28 | 64149.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 30215804.00 |
| 420000000 | Investments | RP-43 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 27206642.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | -1600.00 |
| 340000000 | Deposits Received | RP-33 | 111622.00 |
| 350000000 | Other Liabilities | RP-35 | 379167.00 |
| | Grand total | | 109987368.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 14900.00 |
| 311000000 | Earmarked Funds | RP-28 | 10.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 37750.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18771628.00 |
| 460000000 | Loans, Advances and Deposits | RP-49 | 2915469.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 315892.00 |
| 350000000 | Other Liabilities | RP-35 | 43956485.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 43975234.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 109987368.00 |

2. INCOME & EXPENDITURE STATEMENT - Aralam Grama Panchayat

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6242539.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 171252.00 |
| 140000000 | Fee & User Charges | I-4 | 1138073.00 |
| 150000000 | Sale & Hire Charges | I-5 | 392095.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 272689425.00 |

| | | | |
|---|---|---|---|
| | | | |
| 170000000 | Income from Investments | I-7 | 236809.00 |
| 171000000 | Interest Earned | I-8 | 612145.00 |
| 180000000 | Other Income | I-9 | 142348.00 |
| | Total Income | | 281624686.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12632192.00 |
| 220000000 | Administrative Expenses | I-11 | 872559.00 |
| 230000000 | Operations & Maintenance | I-12 | 1546641.00 |
| 240000000 | Interest & Finance Charges | I-13 | 3685.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13317097.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 62806787.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10207872.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 92678511.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 66062400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 28.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 28466.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 43081418.00 |
| | Total Expenditure | | 303237656.00 |
| | Gross Surplus / Deficit of income over Expenditure | | -21612970.00 |
| | Gross Surplus / Deficit of income over Expenditure | | -21648133.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 65564.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 35163.00 |

3. BALANCE SHEET - Aralam Grama Panchayat

| As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 48053183.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 153863.00 |
| 312000000 | Reserves | B-3 | 193208830.00 |
| | Total Reserve & Surplus | | 241415876.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 39777026.00 |
| | Total Grants, Contributions for Specific Purposes | | 39777026.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17349296.00 |

| | | | |
|---|---|---|---|
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 17349296.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 387069.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2049139.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2436208.00 |
| | TOTAL LIABILITIES | | 300978406.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2292139.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 4326802.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 34939609.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 332455168.00 |
| 416000000 | Accumulated Depreciation | B-11(a) | -143097216.00 |
| | Total Fixed Assets | | 230916502.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 3698924.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 3698924.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18801427.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 43975234.00 |
| 460000000 | Loans, Advances and Deposits | B-18 | 3586319.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 66362980.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 300978406.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.